ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. ജി5/12225/റ്റിസി/2015

തീയതി, :09.06.2015

# സർക്കുലർ നം .14 /2015

| | |
|---|---|
| വിഷയം:- | മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസ് മേധാവികളെ സന്ദർശിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് |
| സൂചന: | സർക്കുലർ നം.4/2005 |

മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിലെ ഓഫീസ് മേധാവികളെ വകുപ്പിലെ ജീവനക്കാർ സന്ദർശിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമരഹിതമായ രീതിയാണ് കണ്ടുവരുന്നത്. ഇത് മേലുദ്യോഗസ്ഥർക്ക് സമയനഷ്ടവും അസൗകര്യവും സൃഷ്ടിക്കുന്നു. മേൽ ഉദ്ധരിച്ച സർക്കുലറിന് വിരുദ്ധമായി യൂണിഫോംധാരികളായ ഉദ്യോഗസ്ഥരടക്കം വകുപ്പിലെ വിവിധ ഓഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണ വേളകളിലും മറ്റും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും യൂണിഫോം നിഷ്കർഷിച്ചിട്ടുള്ള ജീവനക്കാർ ആയത് ധരിക്കാതെ മേലുദ്യോഗസ്ഥരെ സന്ദർശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വകുപ്പ് മേധാവിയെ സന്ദർശിക്കുന്നതിനായി വരുന്ന ഉദ്യോഗസ്ഥരോ, വകുപ്പുതല സംഘടനാ പ്രധിനിധികളോ ടി സന്ദർശനത്തിന് മുൻകൂട്ടി അനുവാദം വാങ്ങുകയോ സന്ദർശനോദ്ദേശം മുൻകൂട്ടി അറിയിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ഇത്തരത്തിലുള്ള വകുപ്പിലെ ജീവനക്കാരുടെ സന്ദർശനങ്ങൾ അനധികൃതമായി ആഫീസ് ജോലികളിൽ നിന്ന് വിട്ടു നിന്നിട്ടാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പുതല സംഘടനാ പ്രധിനിധികൾ ഉൾപ്പെടെയുള്ള ഈ വകുപ്പിലെ എല്ലാ ജീവനക്കാരും വകുപ്പിലെ ഓഫീസുകളിൽ ഓഫീസ് മേധാവികളുടെ മുൻകൂർ അനുവാദത്തോടെയല്ലാതെ ഔദ്യോഗികമായോ അനൗദ്യോഗികമായോ ആവശ്യങ്ങൾക്കായി വകുപ്പിലെ മറ്റ് ആഫീസുകൾ സന്ദർശിക്കുവാനോ, അനധികൃതമായി കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിൽക്കുവാനോ പാടുള്ളതല്ല എന്നറിയിക്കുന്നതോടൊപ്പം മേലുദ്യോഗസ്ഥരെ പ്രത്യേകിച്ച് വകുപ്പ് മേധാവിയെ സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം സന്ദർശനോദ്ദേശം മുൻകൂട്ടി അറിയിക്കേണ്ടതും, സന്ദർശന

ത്തിനായി മുൻകൂർ അനുമതി വാങ്ങേണ്ടതുമാണ്. വകുപ്പിലെ യൂണിഫോംധാരികളായ ജീവനക്കാർ യഥാവിധി യൂണിഫോം ധരിച്ച് മാത്രമേ മേലുദ്യോഗസ്ഥരെ സന്ദർശിക്കുവാൻ പാടുള്ളൂ എന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു. ഈ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നപക്ഷം ടി ജീവനക്കാർക്കെതിരെയും ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥർക്കെതിരെയും കർശന നടപടികളെടുക്കുന്നതാണെന്നും എല്ലാ ജീവനക്കാരേയും അറിയിക്കുന്നു.

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

എല്ലാ ഡി.റ്റി.സി.മാർക്കും,

എല്ലാ ആർ.ടി.ഓ.മാർക്കും

എല്ലാ ജോയിന്റ് ആർ.ടി.ഓ.മാർക്കും

എല്ലാ ചെക്ക് പോസ്റ്റ് എം.വി.ഐ.മാർക്കും

പകർപ്പ്:
1. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ എല്ലാ ജീവനക്കാർക്കും
2. സി.എ. ടു.റ്റി.സി, ജെ.റ്റി.സി & സെക്രട്ടറി,എസ്.റ്റി.എ, ജെ.റ്റി.സി (ഇ), സീനിയർ ഡി.റ്റി.സി (ടാക്സ്).
3. അന്വേഷണ കൗണ്ടർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.

11/6/15